സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## <u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡ് – 2025–26 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-1** നന്തൻകോട്, **02/07/2025**

---

പരാമർശം :– 1) G.O(P) No. 36/2025/Fin dated 27-03-2025

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 16–06–2025 ലെ DA 465/25/E-1 നമ്പർ റിമാർക്സ്.

## <u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2025–26 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 01–04–2025 മുതൽ പ്രാബല്യത്തിൽ വരുന്നവിധത്തിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുവാൻ അനുവദിച്ചും അങ്ങനെ ക്രെഡിറ്റ് ചെയ്യുന്ന തുക നാല് വർഷത്തേക്ക് lock in കാലയളവിനുശേഷം (01–04–2025 മുതൽ 31–03–2029 വരെ) പിൻവലിക്കാമെന്ന വ്യവസ്ഥയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (പരാമർശം –1).

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2025–26 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭിച്ചു (പരാമർശം –2).

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2025–26 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തിനുശേഷമോ (31–03–2029 ന് ശേഷം) അല്ലെങ്കിൽ പ്രൊവിഡന്റ് ഫണ്ട് ക്ലോസ് ചെയ്യുമ്പോഴോ (ഏതാണോ ആദ്യം) മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് അനുവദിക്കുന്നു.

(മറുപുറം)

- പ്രൊവിഡന്റ് ഫണ്ടിൽ അംഗമല്ലാത്ത പാർട്ട്ടൈം ജീവനക്കാർക്ക് പ്രസ്തുത സാമ്പത്തിക വർഷത്തെ (2025-26) ഏൺഡ് ലീവ് സറണ്ടർ തുക റൊക്കം പണമായി നൽകുന്നതിന് അനുവദിക്കുന്നു.
- ടി ഉത്തരവ് തീയതിയ്ക്ക് ശേഷവും 31-03-2026 നകവും 2025-26 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടറിന് അർഹതയുള്ളവർക്ക് അപേക്ഷ സമർപ്പിച്ച് വാങ്ങുന്നതിന് അനുവദിക്കുന്നു.
- നിലവിൽ പ്രൊവിഡന്റ് ഫണ്ട് അംഗമല്ലാത്ത ജീവനക്കാരുടെ ഏൺഡ് ലീവ് സറണ്ടർ അനുവദിക്കുകയും പിന്നീട് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിച്ചതിനുശേഷം ബന്ധപ്പെട്ട പ്രൊവിഡന്റ് ഫണ്ടിലേക്ക് സമാന രീതിയിൽ പ്രസ്തുത തുക ക്രെഡിറ്റ് ചെയ്യുന്നതിന് അനുവദിക്കുന്നു.
- ഏൺഡ് ലീവ് സറണ്ടറിന് ഒടുക്ക് വരുത്തുവാനാവശ്യമായ കൃത്യമായ തുക മാത്രം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നും പ്രത്യേകമായി ക്രെഡിറ്റ് ആവശ്യപ്പെട്ട് വാങ്ങേണ്ടതും ഇത്തരത്തിൽ വാങ്ങുന്ന തുക രണ്ട് പ്രവൃത്തി ദിവസത്തിനകം തന്നെ തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK